പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നംപർ 1819 21.01.2014 - ൽ മറുപടിക്ക്

"സ്നേഹപൂർവ്വം" പദ്ധതി

ചോദ്യം

ശ്രീ. ബി.ഡി. ദേവസ്സി

ഉത്തരം

ഡോ. എം.കെ. മുനീർ

(ബഹു. പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഉറ്റ ബന്ധുക്കൾ മരിച്ച കുട്ടികളുടെ വിദ്യാഭ്യാസത്തിന് ധന സഹായം നൽകുന്നതിനായി പ്രഖ്യാപിച്ചിട്ടുള്ള 'സ്നേഹപൂർവ്വം പദ്ധതി' നടപ്പിലാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ; | (എ) | പദ്ധതി നടപ്പാക്കിയിട്ടുണ്ട്. |
| (ബി) | ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നതിനായി അപേക്ഷ നൽകേണ്ടതുൾപ്പെടെയുള്ള നടപടിക്രമങ്ങൾ വ്യക്തമാക്കാമോ ? | (ബി) | മാതാപിതാക്കൾ ഇരുവരും അഥവാ ഇവരിൽ ഒരാൾ മരണപ്പെട്ട കുടുംബ ങ്ങളിലെ സർക്കാർ / എയ്ഡഡ് സ്കൂൾ / കോളേജുകളിൽ പഠിക്കുന്ന കുട്ടികൾക്കാണ് പദ്ധതി ആനുകൂല്യം അനുവദിക്കുന്നത്. ഗ്രാമ പ്രദേശങ്ങളിൽ 20000 രൂപ വരെയും നഗര പ്രദേശങ്ങളിൽ 22375 രൂപ വരെയും വാർഷിക വരുമാനമുള്ള കുടുംബത്തിലെ കുട്ടികളായിരിക്കണം.<br>നിശ്ചിത ഫാറത്തിൽ ചുവടെ പറയുന്ന രേഖകൾ സഹിതം അപേക്ഷ കേരള സാമൂഹ്യ സുരക്ഷാ മിഷന് നൽകേണ്ടതാണ്.<br>1. ബി.പി.എൽ റേഷൻ കാർഡിന്റെ അറ്റസ്റ്റഡ് കോപ്പി അഥവാ കാർഡ് എപിഎൽ ആണെങ്കിൽ വില്ലേജ് ഓഫീസറുടെ വരുമാന സർട്ടിഫിക്കറ്റ്<br>2. മരണപ്പെട്ട രക്ഷകർത്താവിന്റെ മരണ സർട്ടിഫിക്കറ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്<br>3. കുട്ടി പഠിക്കുന്ന സ്ഥാപന മേധാവി യുടെ സാക്ഷ്യപത്രം<br>4. ജന പ്രതിനിധി നൽകുന്ന സാക്ഷ്യപത്രം<br>5. ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽ കുട്ടിയുടേയും രക്ഷാകർത്താവിന്റേയും പേരിൽ ജോയിന്റ് അക്കൗണ്ട് തുടങ്ങിയതിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് |

സെക്ഷൻ ഓഫീസർ